കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

## ഇട്ടിവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala .gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി3/1313/2019

കേരള സംസ്ഥാന ഓഡിറ്റ്
കൊല്ലം, ജില്ലാ കാര്യാലയം
കൊല്ലം ജില്ല
തീയതി- 1/11/19

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/കെ.എൽ.എം-പി/31313/2019 തീയതി: 01/11/2019

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-07-2018 മുതൽ 03-08-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05-08-2019മുതൽ 17-08-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഡി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയകുമാരിഅമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.റജിന.എ.എസ്സ് | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.നൗഷാദ് | 01-04-2018 മുതൽ 19-05-2018വരെ |
| | ശ്രീ.ജി.ദിനേശ്കുമാർ | 20-05-2018മുതൽ 31-03-2019വരെ |
| സെക്രട്ടറി | ശ്രീ.ജി.പ്രഭാകരൻപിള്ള | 01-04-2018മുതൽ 31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീ.നസീം.എ | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അൻവർ | 01-04-2018മുതൽ 31-03-2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജി.കെ | 01-04-2018മുതൽ 31-03-2019വരെ |
| വെറ്ററനറി സർജൻ | ഡോ.സുഭാഷ് | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സീമ | 01-04-2018മുതൽ 31-03-2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സബിദ.യു | 01-04-2018മുതൽ 31-03-2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ചിത്രകുമാരി,എസ് | 01-04-2018മുതൽ 31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ആശ.സി.പി | 01-04-2018മുതൽ 31-03-2019വരെ |
| വി.ഇ.ഒ കോട്ടുക്കൽ | ശ്രീമതി നജ്മുന്നിസ | 01-04-2018മുതൽ 18-07-2018വരെ |
| വി.ഇ.ഒ വയ്യാനം | ശ്രീമതി സൂസൻ മാത്യുവിന് അധിക ചുമതല | 19-07-2018 മുതൽ 24-10-2018വരെ |
| | ശ്രീമതി.മേഘ.ആർ | 25-10-2018മുതൽ 31-03-2019വരെ |
| വി,ഇ,ഒ വയ്യാനം | ശ്രീമതി.സൂസൻ മാത്യു | 01-04-2018മുതൽ 31-03-2019വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടകയിനത്തിലെ അപാകതകൾ | 1-12 |
| 13 | ഗവ.എൽ.പി.യു.പി സ്കൂളുകൾക്ക് LCD പ്രോജക്ടർ വാങ്ങൽ-സ്ഥാപനം ക്വോട്ടു ചെയ്ത നിരക്കിലും അധികം നൽകി. | 1-13 |
| 14 | മഴക്കാലപൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-14 |
| 15 | രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 16 | കമ്പ്യൂട്ടർ രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല,കമ്പ്യൂട്ടർ വാങ്ങൽ, എഎം സി എന്നിവയ്ക്കായി ചെലവഴിച്ച 209060 രൂപാ തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 35,67,140/- രൂപാ തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല 7775രൂപായുടെ നഷ്ടം. | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല 4740/- രൂപയുടെ നഷ്ടം. | 1-20 |
| 21 | കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 22 | വെള്ളക്കരം ഈടാക്കുന്നതിലെ അപാകതകൾ | 1-22 |
| 23 | അധിക നിരക്കിൽ ശമ്പളം അനുവദിച്ചിരിക്കുന്നു | 1-23 |
| | ഭാഗം – 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 24 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല 7775രൂപായുടെ നഷ്ടം. | 3-1 |
| 25 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല 4740/- രൂപയുടെ നഷ്ടം. | 3-2 |
| 26 | കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | അനുബന്ധം-1 | |
| 38 | അനുബന്ധം-2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2018തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 29-02-2019തീയതിയിലെ Iനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-05-2019 | 30-04-2019 | -- | --- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13121954 |
| വരവ് | 140181332 |
| ആകെ | 153303286 |
| ചെലവ് | 122234389 |
| നീക്കിയിരിപ്പ് | 31068897 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 26269681 | 26269681 | 26269681 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10053000 | 10053000 | 10053000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7210000 | 7210000 | 6655486 | 554514 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5366000 | 5366000 | 3968455 | 13097545 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12194000 | 12194000 | 12194000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 4180 | 21826 | 26006 | 8000 | 18006 |
| എം.ജി.എൻ .ആർ.ഇ.ജി.എസ് | ഭരണ ചെലവ് | 9973 | 1071387 | 1081360 | 1061143 | 20217 |
| | തൊഴിലാളികളുടെ കൂലി | | 56172000 | 56172000 | 56172000 | 0 |
| TSC | | 25000 | 1869927 | 1894927 | 236565 | 1658362 |
| ICDS | | 1146669 | 1506006 | 2652675 | 1065726 | 1586949 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 0 | 0 | 0 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | 0 | 5752879 | 5752879 | 4900724 | 852155 |
| | ജില്ലാ പഞ്ചായത്ത് | 110574 | 3329911 | 3440485 | 2927690 | 512795 |
| ബി ഫണ്ട് | | 0 | 825480 | 825480 | 825480 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 558925 | 14406627 | 14965552 | 13566951 | 1398601 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10995696 | 52014412 | 63010108 | 38067927 | 24942181 |
| | കൈയിരിപ്പ് പണം | 270937 | 79631 | 350568 | 270937 | 79631 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 237 | 147740942 | 185 | 101971152 | 0 | 52 | 78 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

**ഇല്ല**

## . വിവിധപദ്ധതികളിന്മേലുള്ള പൊതുനിരീക്ഷണങ്ങൾ

### (എ) മൃഗസംരക്ഷണം - പദ്ധതികളിന്മേലുള്ള തുടർ നിരീക്ഷണങ്ങൾ അനിവാര്യം

2018-19 വർഷം മൃഗസംരക്ഷണ പദ്ധതികളുടെ നിർവഹണത്തിനായി ആകെ 4503250/- രൂപ ചെലവഴിച്ചിട്ടുണ്ട്. കന്നുകുട്ടി വളർത്തൽ, ആട്ട വളർത്തൽ, കറവ പശു വളർത്തൽ എന്നീ ഇനങ്ങളിലാണ് ചെലവിന്റെ ഭൂരിഭാഗവുംഉൾക്കൊള്ളിച്ചിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങളിൽ മേലുള്ള തുടർ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതായി കാണാൻകഴിഞ്ഞില്ല. പദ്ധതിമാർഗരേഖപ്രകാരം ഉള്ളകരാറിൽ ഏർപ്പെടുകയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ പരിപാലിച്ച പോരുന്നതും സംബന്ധിച്ച് ബന്ധപ്പെട്ട നിർവഹണ ഏജൻസി/മോണിറ്ററിംഗ് സമിതി തുടർ നിരീക്ഷണങ്ങൾ നടത്തുകയും റിപ്പോർട്ട് ആധികാരികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടത് പദ്ധതിനിർവഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് അനിവാര്യമാണ്.

### (ബി) തൊഴിൽരഹിതവേതനം - സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

സ.ഉ (പി) നമ്പർ 169 / 2009 / തൊഴിൽ, തീയതി 13- 12- 2009, ചട്ടം 11 ലെ ഭേദഗതി ഉത്തരവ് പ്രകാരം 18 നും 35 നും മധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് ഉള്ള ഒരു താൽക്കാലിക സഹായം നൽകുന്നതിനായി ലക്ഷ്യമിട്ടാണ് കേരള തൊഴിൽ രഹിത വേതന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ചട്ടപ്രകാരം മറ്റിനങ്ങളിൽ ഉള്ള ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്ന ഒരാൾക്ക് തൊഴിൽരഹിത വേതനത്തിനുള്ള അർഹതയില്ല. നിലവിൽ ഇത്തരം പരിശോധന നടത്തി വേതന വിതരണം സുതാര്യമാക്കുന്നതിനുള്ള നൂതന സാങ്കേതിക സംവിധാനങ്ങൾ ഇല്ലാത്ത സ്ഥിതിയുണ്ട്. മാനുവൽ രൂപേണയുള്ള രേഖപ്പെടുത്തലുകളിലൂടെ ഇതര ആനുകൂല്യം ലഭിക്കുന്ന ഒരാൾക്ക് തൊഴിൽരഹിത വേതനം കൂടി ലഭ്യമാകുന്നുണ്ടോ എന്ന നിലയിലുള്ള ഫലപ്രദമായ പരിശോധന ഉറപ്പാക്കാനാവില്ല. അപേക്ഷകരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിവരുന്നത്. സുതാര്യമായ രീതിയിൽ സാമ്പത്തിക വിനിയോഗം നടപ്പിൽ വരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എന്ക്വയറി-01/2019/05.08.19

### (സി) കാർഷിക രംഗം - കൂടുതൽ മെച്ചപ്പെടുത്തലുകൾ അനിവാര്യം

2018 - 19 വർഷം കാർഷിക മേഖലയുടെ വികസനോന്മുഖമായ പ്രവർത്തനങ്ങൾക്കായി ആകെ 28,47,063/- രൂപ വകയിരുത്തിയതിൽ 17,70,463/- രൂപ (62.18 ശതമാനം) ചെലവ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ കൃഷി വികസനം എന്ന പദ്ധതിക്കായി അടങ്കൽ തുകയുടെ 54.6 ശതമാനം മാത്രമാണ്ചെലവഴിച്ചത്. [അടങ്കൽ തുക 21,86,663/- രൂപ; ചെലവ് 11,94,863/- രൂപ] സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 78 ഹെക്ടറിൽ 40 ഹെക്ടർ മാത്രമാണ് നെൽകൃഷി ചെയ്തുവരുന്നത്. 38 ഹെക്ടർ കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത നിലയിലാണ്.

കൃഷിയോഗ്യമായ സ്ഥലങ്ങൾ പൂർണതോതിൽ ഉപയുക്തമാകുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. 2018- 19 വർഷം നെൽകൃഷി വികസനത്തിനായി അപേക്ഷിച്ചവർക്കുള്ള ധനസഹായം അനുവദിച്ച ഫയൽ രേഖകൾ കൃഷി ഓഫീസർ ആധികാരികമാക്കി കാണുന്നില്ല . കാർഷിക പദ്ധതികളിന്മേലുള്ള തുടർച്ചയായ മോണിറ്ററിങ് നടത്തുകയും നൂതനപദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടത് കാർഷിക ഗ്രാമം എന്ന നിലയ്ക്ക് അനിവാര്യമായ സംഗതിയാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9973 | 1071387 | 1081360 | 1061143 | 20217 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 56172000 | 56172000 | 56172000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 375840 | 233 |
| കർഷകതൊഴിലാളി പെൻഷൻ | 7440600 | 589 |
| വിധവാപെൻഷൻ | 21906800 | 1867 |
| വാർദ്ധക്യകാലപെൻഷൻ | 41979900 | 3626 |
| വികലാംഗപെൻഷൻ | 6627500 | 532 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 505400 | 44 |

## <u>പകൽവീട് പരിപാലനം - കൂടുതൽ മെച്ചപ്പെടുത്തലുകൾ അനിവാര്യം</u>

ഇട്ടിവ ഗ്രാമപഞ്ചായത്ത് 2018-19 കാലയളവിൽ "വയോജനങ്ങളുടെ പരിപാലന പദ്ധതി" പ്രകാരം ആകെ 737233/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. നിലവിൽ കാട്ടാമ്പള്ളി, കോട്ടുക്കൽ എന്നിവിടങ്ങളിലെ സേവനം ഉപയോഗിച്ചുവരുന്ന വയോജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഉപയുക്തമാംവിധമുള്ള സ്വയംതൊഴിൽ നൈപുണികൾ കൂടി ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, സോപ്പ്-ചന്ദനത്തിരി നിർമാണം തുടങ്ങിയുള്ള ഉപകാരപ്രദമായ പ്രവർത്തനങ്ങൾ കൂടി

അനുബന്ധമായി ഏർപ്പെടുത്തുന്നതിൽ ഭരണനിർവഹണ വിഭാഗങ്ങൾ ശ്രദ്ധിക്കുന്നത് ഗുണകരമാകും.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-08-2019ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 100/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ഊർജ്ജിതമാക്കി 100 ശതമാനം പിരിവ് നടത്തിയിട്ടുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട്ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നു. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ്കണക്ടിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

**സ്ഥിരം സമിതികളുടെ പ്രവർത്തനം**

ധനകാര്യ സ്ഥിരം സമിതി

പ്രതിമാസ ചെലവുകൾ കൃത്യമായി പരിശോധിച്ച് അംഗീകരിച്ചുവരുന്നു. നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

വികസനകാര്യ സ്ഥിരം സമിതി

വികസനകാര്യ സ്ഥിരം സമിതിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതിയായി മാറി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന്റെ അനിവാര്യ ഘടകമാണ് മോണിറ്ററിംഗ്. ആയത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥിരം സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-07-2019 മുതൽ<br>25-07-2019വരെ | 04/19,05/19,06/19 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-04-2017 മുതൽ<br>02-05-2017വരെ | 2012-13 മുതൽ<br>2016-17വരെ | 16-06-17 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)ബി-5 ഷെഡ്യൂളിൽ സെക്യൂഡ് ലോൺ 30186186/- രൂപയാണ്.എന്നാൽ ആയതിന് തുല്യമായ തുക ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)വാഹനം വാങ്ങുന്നതിനായി ചെലവഴിച്ച തുക കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ട് വന്നിട്ടില്ല,

3) ബി-9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന "stale cheques".ൽ ഉൾപ്പെട്ടിരിക്കുന്ന ചെക്കുകളെല്ലാം മൂന്ന് വർഷത്തെ കാലയളവ് കഴിഞ്ഞതാണ്.ആയത് ബാധ്യതയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

4)ലോണിനത്തിലുള്ള വരവ് തുകയും തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ ലോൺ തുകയുടെ പലിശ വരവ് ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

DISCREPANCIES

1)THE Secured loan amount of Rs.3018186/-not booked in the asset side of the balance sheet.

2)The expenditure regarding the purchase of vehicle not included in the capital contribution.

3)Stale cheques are booked as liability in the balance sheet.

4)The interest earned from the loan amount which is deposited in the ownfund account should be booked as liabity.

## 1-12 വാടകയിനത്തിലെ അപാകതകൾ

1. ഇട്ടിവ ഗ്രാമ പഞ്ചായത്തിലെ 2018-19 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | കരാർ ചമയ്ക്കേണ്ട മുദ്രപത്രത്തിന്റെ വില |
|---|---|---|---|
| 1 | സജ്ജു. ജെ, പാലവിളവീട്, തുടയന്നൂർ പി.ഒ | 947(1)3 | 200/- |
| 2 | മാവേലി സ്റ്റോർ | 947(H)8 | 200/- |
| ആകെ | | | 400/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. വാടകക്കരാറിൽ ഏർപ്പെടാത്തതിനാൽ സംസ്ഥാന സർക്കാരിന് 400/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കടമുറികൾ വാടകയ്ക്ക് നല്കിയവരുമായി കരാറിൽ ഏർപ്പെട്ട് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**2. കടമുറിയുടെ വാടകയ്ക്കൊപ്പം ജി.എസ്.ടി ഈടാക്കുന്നില്ല:-**

പഞ്ചായത്തിന്റെ കീഴിലുള്ള 947(H)8-ാം നമ്പർ മുറിയിൽ 2300/-രൂപ നിരക്കിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന് 10/2018 മുതൽ 18% ജി.എസ്.ടി(സി.ജി.എസ്.ടി + എസ്.ജി.എസ്.ടി) ഈടാക്കേണ്ടതാണ്. മാസം 414/- രൂപ നിരക്കിൽ 6 മാസത്തേക്ക് 2484/-രൂപ ഈടാക്കിയിട്ടില്ല.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് തുക ഈടാക്കി അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ ജി.എസ്.ടി ഇനത്തിൽ അടവാക്കേണ്ട തുകയായ 2484/-രൂപ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 12/14.8.19**

## 1-13 ഗവ.എൽ.പി.യു.പി സ്ക്കൂളുകൾക്ക് LCD പ്രോജക്ടർ വാങ്ങൽ-സ്ഥാപനം കോട്ടു ചെയ്ത നിരക്കിലും അധികം നൽകി.

പ്രോജക്റ്റ് നം. S0155/19

അടങ്കൽ- 163000

ചെലവ്- 161840

ബിൽ നം.4/8-19/7.1.19

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്സ്

ഗവ.എൽ.പി.യു.പി സ്കൂളുകൾക്ക് LCD പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ Avalon Systems എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 7.8.2018 ലെ 3(2) തീരുമാനപ്രകാരം 7500 രൂപയുടെ ടെണ്ടർ അംഗീകരിച്ചു.2.8.2018 ന് Avalon Systems എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ Projection Screen Wallmount with Instalock 6X4 ഒരെണ്ണത്തിന് നികുതി ഉൾപ്പെടെ 4900 രൂപയ്ക്ക് നൽകാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് ചുവടെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

Projection Screen - 6355.93X4

=25423.72+

CGST 9% =2288.13

SGST 9% =2288.13

ആകെ -29999.98

ടി ഇനത്തിന് സ്ഥാപനം രേഖപ്പെടുത്തിയ കുറഞ്ഞ നിരക്ക് 19600 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ 7500/- രൂപനിരക്കിൽ തുക അധികം അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.5/9.8.19) Avalon Systems എന്ന സ്ഥാപനം 2 നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ ഹാജരാക്കിയതായും പൊതു വിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവു പ്രകാരമുള്ള സ്പെസിഫിക്കേഷൻ പാലിക്കുന്ന ടെണ്ടർ അംഗീകരിച്ചതിനാലുമാണ് 7500 രൂപയ്ക്ക് ഉപകരണം വാങ്ങിയത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ യഥാർത്ഥ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ നിരക്ക് 4900 രൂപയാണ്. നിശ്ചിത സ്പെസിഫിക്കേഷനുള്ള നിരക്കാണ് യഥാർത്ഥ ടെണ്ടർഫോറത്തിൽ രേഖപ്പെടുത്തേണ്ടതെന്നിരിക്കെ വ്യത്യസ്ത സ്പെസിഫിക്കേഷനും വ്യത്യസ്ത നിരക്കും രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. പർച്ചേസിംഗ് കമ്മിറ്റിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇക്കാര്യത്തിന് ഉണ്ടാകേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 മഴക്കാലപൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ വിഹിതമായ 210000/-രൂപ ചെക്ക് നം. 195967/31.6.18 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 10000/-രൂപ വീതം 21 വാർഡുകളിലേക്കാണ് തുക അനുവദിച്ചത്. തുകയുടെ ചെലവു സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/13.8.2019) രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ, ചെലവുരേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 210000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. S0111/19

അടങ്കൽ- 513040 (വികസന ഫണ്ട്)

നിർവ്വഹണം – ഹെഡ്മിസ്ട്രസ്സ്

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായം നൽകുന്നതിനായി 297000 രൂപ ബിൽ നം.2/8-19/18.12.19 ചെലവഴിച്ചു. 11000 രൂപ വീതം 27 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിൽ 2 ഗുണഭോക്താക്കൾ (1. വിഷ്ണു.വി. ചരുവിള പുത്തൻവീട്, 2. ശ്രീലക്ഷ്മി, അമ്പാടി വീട്) പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.5/9.8.19) സാക്ഷ്യപത്രം ഹാജരാക്കുന്നതായി മറുപടി ലഭ്യമാക്കിയെങ്കിലും ആയതു പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 22000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 കമ്പ്യൂട്ടർ രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല,കമ്പ്യൂട്ടർ വാങ്ങൽ, എഎം സി എന്നിവയ്ക്കായി ചെലവഴിച്ച 209060 രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ,കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക മെയിന്റനൻസ് എന്നിവയ്ക്കായി താഴെക്കൊടുത്തിരിക്കും പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിശദവിവരങ്ങൾ അടങ്ങിയ സാക്ഷ്യപ്പെടുത്തിയ കമ്പ്യൂട്ടർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1. കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക മെയിന്റനൻസ് (06/19)**

അടങ്കൽ തുക -100000 രൂപാ (തനത് ഫണ്ട്)

വിവിധ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക മെയിന്റനൻസിനായി എഫ് 1 സൊല്യൂഷ്യൻസ് എഴുകോൺ എന്ന സ്ഥാപനത്തിന് ചെക്ക് നം 1959934, തീ 26-10-2018 പ്രകാരം 82033 രൂപ നല്കിയിട്ടുണ്ട്. ഏതെല്ലാം ഉപകരണങ്ങൾക്കാണ് എ.എം.സിയിൽ ഏർപ്പെട്ടിട്ടുള്ളതെന്ന സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ സാക്ഷ്യപ്പെടുത്തിയ കമ്പ്യൂട്ടർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ചിട്ടുള്ള 82033 രൂപ തടസ്സപ്പെടുത്തുന്നു.

**2) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (16/19)**

അടങ്കൽ തുക-219060 രൂപ (തനത് ഫണ്ട്)

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് എഫ് 1 സൊല്യൂഷ്യൻസ് എഴുകോൺ എന്ന സ്ഥാപനത്തിന് 219060 രൂപ 26.10.2018 ലെ ചെക്ക് നം.159934 പ്രകാരം നല്കിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ സാക്ഷ്യപ്പെടുത്തിയ കമ്പ്യൂട്ടർ

രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ചിട്ടുള്ള 219060 രൂപ തടസ്സപ്പെടുത്തുന്നു.

വിശദവിവരങ്ങൾ അടങ്ങിയ സാക്ഷ്യപ്പെടുത്തിയ കമ്പ്യൂട്ടർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 08-08-2019 ൽ നല്കിയ (നം-3) ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2 പ്രോജക്ടുകളിലായി ചെലവഴിച്ചിട്ടുള്ള 301093രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ അടങ്ങിയ സാക്ഷ്യപ്പെടുത്തിയ കമ്പ്യൂട്ടർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 3567140/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെകൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

**1)എസ്. എസ്. എയ്ക്ക് വിഹിതം നല്കൽ (08/19)**

അടങ്കൽ തുക-8,00,000/- രൂപ (വികസന ഫണ്ട്)

ബിൽനം 07/18-19, തീ 28-05-2018 പ്രകാരം 8,00,000/- രൂപ പിൻവലിച്ച് പ്രോജക്ട് കോ ഓർഡിനേറ്റർ, എസ് എസ് എ കൊല്ലത്തിന് നല്കിയിട്ടുണ്ട്. ചെലവുകൾ സംബന്ധിച്ച വിശദമായവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

**2)പാറക്കടവ് പാലനിരപ്പ് വാട്ടർലൈൻ എക്സ്റ്റൻഷൻ(184/19)**

**അടങ്കൽ തുക - 10,00,000/- രൂപ** (തനത്ഫണ്ട് -6,00,000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം – 4,00,000/- രൂപ)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ താഴെക്കൊടുത്തിരിക്കും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്ര നം | തുക | ചെക്ക് നം, തീയതി |
|---|---|---|
| 1 | 6,00,000/- | 1959694/02-08-2018 |
| 2 | 4,00,000/- | 1770807/21-03-2019 |
| | ആകെ -10,00,000/- രൂപ | |

തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**3)മാർക്കറ്റ് ടോയിലറ്റ് കോംപ്ലക്സുകൾക്ക് കുഴൽ കിണറും പമ്പ്സെറ്റും(26/19)**

**അടങ്കൽ തുക - 8,45,750/-** (വികസനഫണ്ട്)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ താഴെക്കൊടുത്തിരിക്കും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്ര നം | തുക | ബിൽ നം, തീയതി |
|---|---|---|
| 1കോട്ടക്കൽ മാർക്കറ്റ് കുഴൽകിണർ | 4,20,270/- | 17/18-19 തീ14-08-2018 |
| 2 മണലുവെട്ടം മാർക്കറ്റ് കുഴൽകിണർ | 4,25,510/- | 22/18-19 തീ10-10-2018 |
| ആകെ | 8,45,780/- രൂപ | |

തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് കാണിച്ച് 08-08-2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുകളിൽ കൊടുത്തിട്ടുള്ള 3 പ്രോജക്ടുകൾക്കായി ചെലവഴിച്ച 26,45,780 രൂപാ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-നം.3, തീ. 08-08-2019

തടസ്സപ്പെടുത്തിയ തുക-2645780 രൂപാ

4) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ, ധനവിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക-ബിൽ നം |
|---|---|---|
| കോളനികളിൽ വാട്ടർലൈൻ എക്സ്റ്റൻഷൻ-166/19 | കേരള വാട്ടർ അതോറിട്ടി | 540000/- (500000/-14/18-19/17-11-18, 40000/-Ch-no-1770857/26-03-18) |
| എസ്,സി കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ-170/19 | ഭൂഗർഭ ജല വകുപ്പ് | 381360/- (300000/--18/18-19/22-01-19, 81360/-21-18-19/20-06-19) |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/14-08-2019) പ്രവൃത്തിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാകുന്ന മുറയക്ക് പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ

ചെലവ് തുക 9,21,360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 കാലി ബാരൽ വില ഈടാക്കിയിട്ടില്ല 7775രൂപായുടെ നഷ്ടം

1)പ്രവൃത്തിയുടെ പേര് - കോട്ടുക്കൽ വില്ലേജ് റോഡ് റീ ടാറിംഗ്

കരാറുകാരൻ- ശ്രീ. ജെ സുനിൽദത്ത്

കരാർ നം. - 12/AE/LSGD/ITVA/17-18, 21-11-2017

അടങ്കൽ തുക - 2,00,000/- രൂപ (സംരക്ഷണഗ്രാന്റ്, റോഡ്)

പ്രവൃത്തി മൂല്യം - 1,99,740/- രൂപ

ബിൽ നമ്പർ - 1/18-19, 21-05-2018

ടി പ്രവൃത്തിയിൽ 1608 കിലോ വിജി 30 ബിറ്റുമിൻ, 152 കിലോ എമൽഷൻ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. 10 കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ടിയിരുന്ന തുക 10x311=3110 രൂപ (278+12% ജിഎസ്ടി)

2)പ്രവൃത്തിയുടെ പേര് - മുട്ടോട് തച്ചടി തോട്ടംമുക്ക് റോഡ് റീടാറിംഗ്

കരാറുകാരൻ - ശ്രീ. ഷിജു സി. രാജു

കരാർ നം. - 83/AE/LSGD/ITVA/17-18, 30-12-2017

അടങ്കൽ തുക - 6,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രവൃത്തി മൂല്യം - 5,95,703/- രൂപ

ബിൽ നമ്പർ – 13/18-19, 31-05-2018

ടി പ്രവൃത്തിയിൽ 1564 കിലോ വിജി 30 ബിറ്റുമിൻ, 977 കിലോ എമൽഷൻ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. (വി.ജി. 30 ബിറ്റുമിൻ 165കി/ബാരൽ, എമൽഷൻ 200കി/ബാരൽ) 15 കാലിബാരലിന്റെവില ജിഎസ്ടി ഉൾപ്പെടെ ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ടിയിരുന്ന തുക 15x311=4,665/- രൂപ (278+12% ജിഎസ് ടി).
ടി പ്രവൃത്തികളിൽ കാലി ബാരൽ വില ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 14-08-2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2 പ്രവൃത്തികളിൽ നിന്നായി കാലി ബാരൽ വില ഇനത്തിൽ കുറവുവരുത്തേണ്ടിയിരുന്ന 7,775/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം -7,775/- രൂപ

ഓഡിറ്റ് അന്വേഷണം -10 തീ 14-08-2019

## 1-19 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള അപാകതകൾ-

1) ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2018-19 സാമ്പത്തിക വർഷം ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചിട്ടില്ല. ടെണ്ടർ ക്ഷണിച്ച 85 മരാമത്ത് പ്രവൃത്തികളിൽ 81 പ്രവൃത്തികൾക്കും 2 ടെണ്ടർ വീതമാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒരു ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിലുള്ളതും, ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.1%/0.2% കുറവ് രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറും ആണ്. ഇപ്രകാരം ടെണ്ടർ നടപടികളിൽ മത്സര സ്വഭാവമില്ലാതെ കരാറുകാരുടെ ഒത്തുകളിയാണ് നടന്നുവരുന്നത്. പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിം നടക്കുന്നില്ല. വികസനകാര്യ സ്ഥിരം സമിതിയും, ഭരണസമിതിയും ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

4) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. പ്രധാന പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനു പകരം ഫലപ്രദമല്ലാത്ത 50 മീറ്ററിൽ താഴെയുള്ള കോൺക്രീറ്റിംഗ് റോഡുകളുടെ നിർമ്മാണമാണ് തൻവർഷവും നടത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് റോഡുകളുടെ നിർമ്മാണം നടത്തേണ്ടതാണ്.

## 1-20 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല4740 രൂപായുടെ നഷ്ടം

2012 ൽ പരിഷ്ക്കരിച്ച പൊതുമരാമത്ത് മാന്വൽപ്രകാരം സെലക്ഷൻനോട്ടീസ് നല്കി 14 ദിവസത്തിനകം കരാർ വയ്ക്കാതിരിക്കുന്നവർക്ക് കരാർതുകയുടെ 1% പിഴ ഈടാക്കികൊണ്ട് 10 ദിവസംകൂടി കരാർവയ്ക്കാൻ സമയം അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കിക്കോണ്ട് കരാർ വെയ്ക്കുകയോ, അന്തിമ ബില്ലിൽ നിന്നും പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

1) പ്രവൃത്തിയുടെ പേര് – നെടുമ്പച്ച അംഗനവാടി മെയിന്റെനൻസ് (160/18)

കരാറുകാരൻ - ശ്രീ. മോഹൻദാസ്, ചിന്നു ഭവൻ, ദർപ്പക്കാട്

അടങ്കൽ തുക - 2,00,000/-രൂപ (സംരക്ഷണഗ്രാന്റ്, റോഡ്) സെല. നോട്ടീസ് – 23.11.17

പിഴകൂടാതെ കരാർവയ്ക്കേണ്ട തീയതി – 06-12-2017

കരാർനമ്പർ-76/AE/LSGD/ITVA/17-18, 11-12-2017

ഈടാക്കേണ്ടിയിരുന്ന പിഴ-2000രൂപ

2)പ്രവൃത്തിയുടെ പേര് – ചുണ്ട എൻ ആർ എച്ച് എം ആശുപത്രി പുനരുദ്ധാരണം (219/19)

കരാറുകാരൻ - ശ്രീമതി. ശാന്തി, ശാബ്ദി, ചരുപ്പറമ്പ്

അടങ്കൽ തുക - 274000 രൂപ (സംരക്ഷണഗ്രാന്റ്, റോഡ്) സെല. നോട്ടീസ് – 12.02.18

പിഴകൂടാതെ കരാർവയ്ക്കേണ്ട തീയതി – 02-02-2018

കരാർ നമ്പർ - 88/AE/LSGD/ITVA/17-18, 26-02-2018

ഈടാക്കേണ്ടിയിരുന്ന പിഴ - 2,740/- രൂപ

ടി പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 14-08-2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-10) മറുപടി ലഭ്യമാക്കിയിട്ടില്ല. 2 പ്രവൃത്തികളിൽ നിന്നും യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 4,740/- രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-21 കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകൾ

കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു.

കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ താഴെകൊടുത്തിരിക്കും പ്രകാരം 2 ടെണ്ടറുകൾ ലഭിച്ചു.

1) ശ്രീ. ജയദ്രജൻ, തിരുവാതിര, ചിങ്ങോലി,എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.12% കുറവ്
2) ശ്രീ. മോഹനൻ പിള്ള, മോഹനനിലാസം , കാട്ടാമ്പള്ളി, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.3% കുറവ്.

പഞ്ചായത്ത് കമ്മറ്റിയുടെ 29-06-2018 ലെ തീരുമാനം (1) പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിച്ചു. ഇതുപ്രകാരം ശ്രീ. മോഹനൻ പിള്ള, മോഹനനിലാസം, കാട്ടാമ്പള്ളിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.3% കുറവ്. രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടറുകളുടെ താരതമ്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയ്ക്ക് നല്കിയപ്പോൾ ശ്രീ. ജയദ്രജൻ, തിരുവാതിര, ചിങ്ങോലിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.12% കുറവുള്ള ടെണ്ടർ 0.42% എന്ന് രേഖപ്പെടുത്തുകയും, ആയത് അംഗീകരിക്കുകയും. ടിയാനുമായി കരാറിലേർപ്പെടുകയും, പ്രവൃത്തിപൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അന്തിമബിൽ തയ്യാറാക്കിയപ്പോൾ പ്രവൃത്തിമൂല്യത്തിൽനിന്നും 0.12% കുറവാണ് വരുത്തിയിട്ടുള്ളത്.

പ്രവൃത്തി മൂല്യം - 2,99,884/- രൂപ

ടെണ്ടർ കുറവ് - (0.12%)-360

ആകെ – 2,99,524/- രൂപ

ബിൽ നമ്പർ - 87, തീയതി. 31-12-2018

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 1408-2019-ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-11) മറുപടി നല്കിയിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണം നടന്നിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച 0.42% ടെണ്ടർകുറവ് തുകയായ 1260 രൂപയിൽ കറവുവരുത്തിയിട്ടുള്ള 0.12% തുക കഴിച്ച് 900 രൂപാ കൂടി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതും, ഇത്തരം ഗുരുതരമായ ക്രമക്കേടുകൾ ആവർത്തിരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 വെള്ളക്കരം ഈടാക്കുന്നതിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു

കേരള വാട്ടർ അതോറിറ്റിയുമായിചേർന്ന് ഗ്രാമപഞ്ചായത്ത് നടത്തിയ സംയുക്ത പരിശോധനയിൽ പൊതുടാപ്പുകളുടെ എണ്ണം 73 ആയി നിശ്ചയിക്കുകയും പ്രതിമാസ വെള്ളക്കരം 31,938/- രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതുപ്രകാരം 2018 നവംബർ മാസംവരെ 73 പൊതു ടാപ്പുകൾക്കായി വേള്ളക്കരം ഒടുക്കിയിട്ടുണ്ട്. എന്നാൽ 2018 ഡിസംബർ മാസം മുതൽ പൊതു ടാപ്പുകളുടെ എണ്ണം 81 ആയി കണക്കാക്കി പ്രതിമാസ വെള്ളക്കരം 35,438/- രൂപയായി നിർണ്ണയിച്ച് വാട്ടർ അതോറിറ്റി ബിൽ നല്കുകയും ഇതിൽ 31,938/- രൂപ ക്രമം ഗ്രാമ പഞ്ചായത്ത് അടവാക്കുകയും ചെയ്തുവരുന്നു. അവശേഷിക്കുന്ന തുക കുടിശ്ശികയായി കാണിച്ച് ആയതിന് 24% പിഴപലിശ കണക്കാക്കിക്കൊണ്ട് (പ്രതിമാസം 2%) അടുത്ത മാസത്തിലേയ്ക്ക് കൂട്ടിച്ചേർത്ത് ബിൽനല്കിവരുകയും ചെയ്യുന്നു.

ഇതുമായി ബന്ധപ്പെട്ട് 13.08.19 ൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7), യാതൊരു മുന്നറിയിപ്പും കൂടാതെ പൊതുടാപ്പുകളുടെ എണ്ണം പുനർ നിശ്ചയിച്ച് നല്കിയ നടപടി നീതീകരിക്കാനാകാത്തതാണെന്നും, സംയുക്ത പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുനർ നിശ്ചയിച്ച പ്രകാരം വെള്ളക്കരം അടയ്ക്കുവാൻ കഴിയൂ എന്നും 22-12-2018 ൽ കേരളാ വാട്ടർ അതോറിറ്റിക്ക് അറിയിപ്പ് നല്കിയെന്നും മറുപടി ലഭ്യമാക്കി.

ആവശ്യമെങ്കിൽ വീണ്ടും സംയുക്ത പരിശോധനനടത്തുന്നതിനും, തെറ്റായി വെള്ളക്കരം ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി വിഷയത്തിന്മേൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 1-23 അധിക നിരക്കിൽ ശമ്പളം അനുവദിച്ചിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി - ബഡ്സ് സ്കൂൾ സമഗ്ര പരിപാടി/149/19

ഫണ്ടിനം - 3,90,000/- (വികസനഫണ്ട്-ജനറൽ), 949,672 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ജി.ഒ(എം.എസ്)20/2018/ത.സ്വ.ഭ.വ/07-02-2018 പ്രകാരം കാറ്റഗറി ഒന്നിൽ ഉൾപ്പെട്ട ആയമാർക്ക് കരാർ വ്യവസ്ഥയിൽ അനുവദിക്കാൻ കഴിയുന്ന പരമാവധി ശമ്പളം പ്രതിമാസം 17325/- രൂപയാണ്. എന്നാൽ ബഡ്സ് സ്കൂളിലെ ആയയായ ശ്രീമതി ഷീജ. എസ്സിന് 01/19, 02/19 മാസങ്ങളിലെ ശമ്പളം അർഹമായതിലും അധികമായി അനുവദിച്ച് നൽകിയിരിക്കുന്നു. 01/19 ൽ 15 ദിവസവും 02/19 ൽ 18 ദിവസവും ജോലി നോക്കിയ ടിയാരിക്ക് അർഹമായ ശമ്പളം 19521/- ആണ് (17325/31x15+17325/28x18). എന്നാൽ ടി ദിവസങ്ങളിലേയ്ക്കായി 21285/- രൂപ അനുവദിച്ചതു മൂലം അധികമായി 1765/- രൂപ ചെലവഴിച്ചിരിക്കുന്നു,

13/14-08-2019 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഒടുക്ക് വരുത്താമെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും തുകയുടെ ഒടുക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാലി ബാരൽ വില ഈടാക്കിയിട്ടില്ല 7775/- രൂപയുടെ നഷ്ടം

1)പ്രവൃത്തിയുടെ പേര് - കോട്ടുക്കൽ വില്ലേജ് റോഡ് റീ ടാറിംഗ്

കരാറുകാരൻ - ശ്രീ. ജെ സുനിൽദത്ത്

കരാർ നം. - 12/AE/LSGD/ITVA/17-18, 21-11-2017

അടങ്കൽ തുക - 2,00,000/- രൂപ (സംരക്ഷണഗ്രാന്റ് , റോഡ്)

പ്രവൃത്തി മൂല്യം - 1,99,740/- രൂപാ

ബിൽ നമ്പർ – 1/18-19, 21-05-2018

ടി പ്രവൃത്തിയിൽ 1608 കിലോ വിജി 30 ബിറ്റുമിൻ, 152 കിലോ എമൽഷൻ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. 10 കാലിബാരലിന്റെവില ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ടിയിരുന്ന തുക 10x311=3110 രൂപാ (278+12% ജിഎസ് ടി)

2)പ്രവൃത്തിയുടെ പേര് - മുട്ടോട് തച്ചടി തോട്ടംമുക്ക് റോഡ് റീടാറിംഗ്

കരാറുകാരൻ - ശ്രീ. ഷിജ്ജു സി.രാജ്ജു

കരാർ നം. - 83/AE/LSGD/ITVA/17-18, 30-12-2017

അടങ്കൽ തുക - 6,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രവൃത്തി മൂല്യം - 5,95,703/- രൂപ

ബിൽ നമ്പർ – 13/18-19, 31-05-2018

ടി പ്രവൃത്തിയിൽ 1564 കിലോ വിജി 30 ബിറ്റുമിൻ, 977 കിലോ എമൽഷൻ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. 15 കാലിബാരലിന്റെവില ജിഎസ് ടി ഉൾപ്പെടെ ഈടാക്കിയിട്ടില്ല

ഈടാക്കേണ്ടിയിരുന്ന തുക 15x311=4,665/- രൂപ (278+12% ജിഎസ് ടി).

ടി പ്രവൃത്തികളിൽ കാലി ബാരൽ വില ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 14-08-2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 2 പ്രവൃത്തികളിൽ നിന്നായി കാലി ബാരൽ വില ഇനത്തിൽ കുറവുവരുത്തേണ്ടിയിരുന്ന 7,775/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം -7,775/- രൂപ

ഓഡിറ്റ് അന്വേഷണം – 10 തീ 14-08-2019

## 3-2 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല 4740/- രൂപയുടെ നഷ്ടം

2012 ൽ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽപ്രകാരം സെലക്ഷൻനോട്ടീസ് നല്കി 14 ദിവസത്തിനകം കരാരവയ്ക്കാതിരിക്കുന്നവർക്ക് കരാർതുകയുടെ 1% പിഴ ഈടാക്കികൊണ്ട് 10 ദിവസം കൂടികരാർവയ്ക്കാൻ സമയം അനുവദിക്കാവുന്നതാണ്. എന്നാൽ താഴെകൊടുത്തിരിക്കുന്നമരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

1)പ്രവൃത്തിയുടെ പേര് - നെടുമ്പച്ച അംഗനവാടി മെയിന്റൻസ്

കരാറുകാരൻ - ശ്രീ. മോഹൻദാസ് , ചിന്ന ഭവൻ, ദർപ്പക്കാട്

അടങ്കൽ തുക – 2,00,000/- രൂപ (സംരക്ഷണഗ്രാന്റ് , റോഡ്)

പിഴകൂടാതെ കരാർവയ്ക്കേണ്ട തീയതി – 06-12-2017

കരാർനമ്പർ - 76/AE/LSGD/ITVA/17-18, 11-12-2017

ഈടാക്കേണ്ടിയിരുന്ന പിഴ – 2,000/- രൂപ

2)പ്രവൃത്തിയുടെ പേര് - ചുണ്ട എൻ ആർ എച്ച് എം ആശുപത്രി പുനരുദ്ധാരണം

കരാറുകാരൻ – ശ്രീമതി. ശാന്തി, ശാബ്ദി, ചരുപ്പറമ്പ്

അടങ്കൽ തുക – 2,74,000/- രൂപ (സംരക്ഷണഗ്രാന്റ്, റോഡ്)

പിഴകൂടാതെ കരാർവയ്ക്കേണ്ട തീയതി – 02-02-2018

കരാർ നമ്പർ - 88/AE/LSGD/ITVA/17-18, 26-02-2018

ഈടാക്കേണ്ടിയിരുന്ന പിഴ – 2,740/- രൂപ

ടി പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 14-08-2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്ത്ന് (നം-10)മറുപടി ലഭ്യമാക്കിയിട്ടില്ല. 2 പ്രവൃത്തികളിൽ നിന്നും യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 4,740/- രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-3 കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകൾ

കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു.

കരിക്കത്തിൽ കോളനിറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ താഴെകൊടുത്തിരിക്കും പ്രകാരം 2 ടെമണ്ടറുകൾ ലഭിച്ചു.

1. ശ്രീ. ജയഭദ്രജൻ , തിരുവാതിര, ചിങ്ങോലി, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.12% കുറവ്
2. ശ്രീ. മോഹനൻ പിള്ള, മോഹനനിലാസം , കാട്ടാമ്പള്ളി, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.3% കുറവ്.

പഞ്ചായത്ത് കമ്മറ്റിയുടെ 29-06-2018 ലെ തീരുമാനം (1) പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിച്ചു. ഇതുപ്രകാരം ശ്രീ. മോഹനൻ പിള്ള, മോഹനനിലാസം, കാട്ടാമ്പള്ളിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.3% കുറവ്. രേഖപ്പെടുത്തിയ ടെണ്ടറാണ് അംഗീകരിക്കേണ്ടിയിരുന്നത്. എന്നാൽ ടെണ്ടറുകളുടെ താരതമ്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിയ്ക്ക് നല്കിയപ്പോൾ ശ്രീ. ജയഭദ്രജൻ , തിരുവാതിര, ചിങ്ങോലിയുടെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.12% കുറവുള്ള ടെണ്ടർ 0.42% എന്ന് രേഖപ്പെടുത്തുകയും, ആയത് അംഗീകരിക്കുകയും. ടിയാനുമായി കരാറിലേർപ്പെടുകയും, പ്രവൃത്തിപൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അന്തിമബിൽ തയ്യാറാക്കിയപ്പോൾ പ്രവൃത്തിമൂല്യത്തിൽനിന്നും 0.12% കുറവാണ് വരുത്തിയിട്ടുള്ളത്.

പ്രവൃത്തി മൂല്യം – 2,99,884/- രൂപ

ടെണ്ടർ കുറവ് - (0.12%)-360

ആകെ – 2,99,524/- രൂപ

ബിൽ നമ്പർ - 87, തീയതി 31-12-2018

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 1408-2019 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-11) മറുപടി നല്കിയിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണം നടന്നിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച 0.42% ടെണ്ടർകുറവ് തുകയായ 1,260/- രൂപയിൽ കറവുവരുത്തിയിട്ടുള്ള 0.12% തുക കഴിച്ച് 900/- രൂപാ കൂടി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതും, ഇത്തരം ഗുരുതരമായ ക്രമക്കേടുകൾ ആവർത്തിരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 05-08-2019 to 07-08-2019 | നം.കെ.എസ്.എ-കെ.എൽ.എം-പി3/1313/2019, തീയതി-1.11.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,44,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,44,000/- | 0 |
| | | 1,00,000/- | അങ്കണവാടി പോഷകാഹാര പദ്ധതി | 1,00,000/- | 0 |
| | | 12,38,905/- | ലൈഫ് ഭവനപദ്ധതി-ജനറൽ | 12,38,905/- | 0 |
| | | 9,25,318/- | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 4,25,318/- | 5,00,000/- |
| | | 2,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000/- | 0 |
| | | 4,00,000/- | പാറക്കടവ് പാലനിരപ്പ് കുടിവെള്ള പദ്ധതി | 4,00,000/- | 0 |
| | | 40,000/- | പട്ടികജാതി കോളനികൾക്ക് കുടിവെള്ള പൈപ്പ് ലൈൻ | 40,000/- | 0 |
| | | 2,81,688/- | സമഗ്രനെൽകൃഷി വികസനം | 261688 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10,00,000/- | ബഡ്സ് സമഗ്ര പരിപാടി | 9,49,672/- | 50,328/- |
| | | 22,53,135/- | ലൈഫ് ജനറൽ | 17,33,185/- | 5,19,950/- |
| | | 17,69,744/- | ലൈഫ് എസ്.സി.പി | 15,19,344/- | 2,50,400/- |
| | | 3,00,000/- | പകൽവീട് വയോജന പരിപാലനം | 2,98,523/- | 1,477/- |
| | | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നർക്ക് സ്കോളർഷിപ്പ് | 2,50,000/- | 0 |
| | | 1,80,000/- | അഗതി രഹിത കേരളം | 1,50,000/- | 30,000/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | കോട്ടക്കൽ മണലുവട്ടം മാർക്കറ്റ് ടോയ്ലറ്റുകൾക്ക് കുഴൽകിണർ | 1) 17/18-19/14.08.18 2) 22/18-19/10.10.18 | 8,45,780/- | 0 | 8,45,780/- |
| കേരള വാട്ടർ അതോറിട്ടി | പാറക്കടവ് പാലനിരപ്പ് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1) 1959694/ 02.08.18 2) 1770807/ 21.03.19 | 10,00,000/- | 0 | 10,00,000/- |
| കേരള വാട്ടർ അതോറിട്ടി | പട്ടികജാതി കോളനികൾക്ക് കുടിവെള്ള പൈപ്പ് ലൈൻ | 14/18-19/17-11-18-5,00,000/- CH.NO 1770857-26-03-19-40,000/- | 5,40,000/- | 0 | 5,40,000/- |
| ഭൂഗർഭ ജല വകുപ്പ് | എസ്.സി.കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ | 18/18-19/ 22-01-19-3,00,000/- 21/18-19 20-03-2019-81,360/- | 3,81,360/- | 0 | 3,81,360/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3,01,86,186/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | | 1,75,00,000/- | 17,20,700/- | 17,20,700/- | | 0 |
| ലൈഫ് ഭവനപദ്ധതി | ജി.ഒ(എം.എസ്സ്) 68/2018/ ത.സ്വ.ഭ.വ/18-05-2018 | 3,01,86,186/- | 3,01,86,186/- | 0 | | 3,01,86,186/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3-6 | 5,000/- | ശ്രീ. എസ്. അശോക് കുമാർ | 118080102604/ 22-12-18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ<br>ആകെ വരവ് | 15,33,03,286/- |
| ഓഡിറ്റ് വർഷത്തെ<br>ആകെ ചെലവ് | 12,22,34,389/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,415/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,01,998/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,775/- | അജി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4,740/- | അജി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 900/- | അജി.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,10,000/- | ഡോ.അൻവർ<br>മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| 1-15 | 22,000/- | ആനന്ദഭായിഅമ്മ, ഹെഡ്മിസ്ട്രസ്സ് |
| 1-16 | 3,01,093/- | ജി.പ്രഭാകരൻപിള്ള<br>സെക്രട്ടറി |
| 1-17 | 26,45,780/-<br><br>9,21,360/- | ജി. പ്രഭാകരൻപിള്ള<br>സെക്രട്ടറി<br>ശ്രീമതി. യു. സബിത<br>അസി. സെക്രട്ടറി |
| 1-23 | 1,765/- | ശ്രീമതി. യു. സബിത<br>അസി. സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജി. പ്രഭാകരൻപിള്ള<br>സെക്രട്ടറി | സെക്രട്ടറി<br>ഏരൂർ ഗ്രാ.പ | വൈശാഖം<br>അർക്കന്നൂർ<br>ആയൂർ |
| ശ്രീമതി. ആനന്ദബായിഅമ്മ | ഹെഡ്മിസ്ട്രസ്സ്<br>ഗവ.എൽ.പി.എസ്സ്, ഇടമുളയ്ക്കൽ | ഗോകുലം,<br>പെരിങ്ങള്ളൂർ,<br>ആയൂർ,<br>691531 |
| ശ്രീ. അജി. കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ഇട്ടിവ ഗ്രാമപഞ്ചായത്ത് | ചരുവിളവീട്<br>തഴമേൽ<br>അഞ്ചൽ |
| ഡോ. അൻവർ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>ഇട്ടിവ ഗ്രാ.പ | ശ്രുതി<br>ഇടിച്ചക്കപ്ലാമൂട്<br>പാറശ്ശാല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(1)/02-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(2)/02-03-2018 |
| 1999-00<br>2000-01<br>2001-02 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(3)/02-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(4)/02-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(5)/02-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(6)/02-03-2018 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/0*8(7)/02-03-2018 |
| 2006-07 | എൽ.എഫ്.ക്യൂപി-4/661/2010/29-12-2011 |
| 2007-08 | എൽ.എഫ്.ക്യൂപി-4/662/2010/29-12-2011 |
| 2008-09 | എൽ.എഫ്.ക്യൂപി-4/1405/2012/22-12-11 |
| 2009-10&<br>2010-11 | എൽ.എഫ്.ക്യൂപി-4/1358/2012/13-08-13 |
| 2011-12 | എൽ.എഫ്.ക്യൂപി-4/539/14/05-05-14 |
| 2012-13&<br>2013-14 | എൽ.എഫ്.ക്യൂപി-4/1447/15/16-09-2015 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി-4/991/2016/09-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-4/335/2017/15-02-2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-3/1121/2017/07-07-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-3 *13902018/12-09-2018* |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.എൽ.എം-പി3/1313/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി : 01/11/2019

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2018 – 19</u>

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക **ഇട്ടിവ ഗ്രാമ പഞ്ചായത്തിന്റെ 2018-19** ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

No.KSA.KLM.P3-1313 /2019 , Dated-01/11/2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Ittiva Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Ittiva Grama Panchayath** for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 ഓഡിറ്റ് പത്രികകൾ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**